കേരള പോലീസ്
KERALA POLICE

# മൊബൈൽ മോഷ്ടാവ് പിടിയിൽ

തലയോലപ്പറമ്പ് ബസ്സ് സ്റ്റാൻഡിലെ ലേഡീസ് സ്റ്റോറിലെ ജീവനക്കാരിയായ മറവൻതുരുത്ത് സ്വദേശിനി സോനയുടെ മൊബൈൽ ഫോൺ വൃദ്ധനായ ഒരാൾ മോഷ്ടിച്ചിരുന്നു. തലയോലപ്പറമ്പ് പോലീസിൽ പരാതിപ്പെട്ടതിനെ തുടർന്ന് പോലീസ് സി.സി.ടി.വി ദൃശ്യങ്ങൾ പരിശോധിച്ച് ഇയാളുടെ ചിത്രം ശേഖരിച്ച് വാട്ട്സ് ആപ്പിലൂടെ എല്ലായിടത്തും അയച്ചു കൊടുത്തു. സമാന രീതിയിൽ എറണാകുളത്ത് മോഷണശ്രമം നടത്തിയ പ്രതിയെ വാട്ട്സ് ആപ്പിലൂടെ ചിത്രം കണ്ട് തിരിച്ചറിഞ്ഞ ആളുകൾ തടഞ്ഞുവെച്ച് തലയോലപ്പറമ്പ് എസ്.ഐ-യെ വിവരമറിയിച്ചു. തുടർന്ന് കോട്ടയം ജില്ലാ പോലീസ് മേധാവിയേയും വൈക്കം ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെയും വിവരമറിയിക്കുകയും തുടർന്നുള്ള നിർദ്ദേശാനുസരണം തലയോലപ്പറമ്പ് എസ് ഐ ഷമീർഖാന്റെ നേതൃത്വത്തിൽ പോലീസ് എറണാകുളത്ത് ചെന്ന് പ്രതിയെ പിടികൂടി. ഇയാൾ സ്ഥിരം മോഷ്ടാവായ വൈറ്റില ബാബു എന്നയാളാണെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. നിരവധി പോലീസ് സ്റ്റേഷനുകളിൽ ചെറുതും വലുതുമായ നിരവധി മോഷണ കേസുകളിൽ പ്രതിയാണ്, പ്രതിയെ ചോദ്യം ചെയ്തു വരികയാണ്. വൈക്കം, കടുത്തുരുത്തി പോലീസ് സ്റ്റേഷനുകളിൽ ഇയാൾക്ക് കേസുണ്ട് . എസ്. ഐ ഷമീർഖാൻ, എസ്.സി.പി.ഒ അനിൽകുട്ടിശ്ശേരി, സി.പി.ഒ സുധീഷ്, ഷിഹാബ് തുടങ്ങിയവരാണ് പ്രതിയെ പിടികൂടിയത് .

***ജില്ലാ പോലീസ്, കോട്ടയം***